LIBRARY ARCHIVES Kerala Legislative Assembly

ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി നീട്ടുന്നത്

279(3566) ശ്രീ. കെ. കെ. നാരായണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനു വേണ്ടി നിയമിച്ച ടെക്നിക്കൽ അസ്സിസ്റ്റന്റുമാരുടെ കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) ഇവർക്ക് നൽകിവരുന്ന ദിവസ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഗ്രാമ പഞ്ചായത്തുകളിൽ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി, 8-10-2014 ലെ സ.(കൈ) നമ്പർ 171/2014/ത.സ്വഭവ. ഉത്തരവ് പ്രകാരം 31-3-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി&സി) ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് നിലവിൽ പ്രതിമാസം 13,500 രൂപ കൺസോളിഡേറ്റഡ് വേതനം ആണ് നൽകി വരുന്നത്. വേതനം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

കാസർഗോഡ് ജില്ലയിൽ തെരുവുനായ്ക്കളുടെ ശല്യം

280 (3567) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വഴിയാത്രകാർക്ക് ഭീക്ഷണിയാകുന്ന ഇത്തരം നായ്ക്കളെ നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) തെരുവ്നായ്ക്കളെ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നായ്ക്കളുടെ വംശ വർദ്ധനവ് തടയുന്നതിന് വേണ്ടി ശ്രുപ കൽപ്പന നടത്തിയിട്ടുള്ള എ.ബി.സി. പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും സമയബന്ധിതമായി ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും മറ്റ് സന്നദ്ധ സംഘടനകളുമായി ചേർന്ന് ആനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ സഹായത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനാണ് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. തെരുവ് നായ്ക്കളെ വന്ധ്യംകരണം നടത്തി പേവിഷബാധ കുത്തിവയ്പ്പ് നൽകുന്ന പദ്ധതിക്ക് 2-9-2014-ലെ (സാധാ.) നമ്പർ 2306/2014/ത.സ്വഭവ. സർക്കാർ ഉത്തരവും, 16-10-2014-ലെ (സാധാ) നമ്പർ 2673/14/തസ്വഭവ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി&ഡി) പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ പദ്ധതികൾ

281 (3568) ശ്രീ. ആർ. രാജേഷ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) 2014-15-ൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) മാവേലിക്കര മണ്ഡലത്തിലെ ആറനാട് പഞ്ചായത്തിനെ നന്ദികേശ ശില്പനിർമ്മാണ പൈതൃകകേന്ദ്രമായി പ്രഖ്യാപിക്കുന്നതിനു സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) അടിയന്തരമായി ആറനാടിനെ നന്ദികേശശില്പഗ്രാമമായി പ്രഖ്യാപിക്കുമോ ;

(ഇ) ഇതിനാവശ്യമായി സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly